**മധുരമായ കുട്ടികളേ, പരിധിയില്ലാത്ത ഡ്രാമയുടെ ആദി-മദ്ധ്യ-അന്ത്യത്തെ മനസ്സിലാക്കണം, ഏതാണോ കഴിഞ്ഞുപോയത് അതുതന്നെ ഇപ്പോൾ വീണ്ടും വർത്തമാനമാകും, ഇപ്പോൾ വർത്തമാനത്തിൽ സംഗമയുഗമാണ്, വീണ്ടും സത്യയുഗം വരണം.**

**ചോദ്യം:** ശ്രീമതപ്രകാരം സ്വയത്തെ സമ്പൂർണ്ണമാക്കി വെക്കാനുള്ള വിധി എന്താണ്?
**ഉത്തരം:** സ്വയം സ്വയത്തെ സമ്പൂർണ്ണമാക്കുന്നതിന് വിചാരസാഗര മഥനം ചെയ്യൂ. സ്വയം സ്വയത്തോട് സംസാരിക്കൂ. ബാബാ അങ്ങ് എത്ര മധുരവാനാണ്, ഞങ്ങളും അങ്ങയെപ്പോലെ മാധുര്യമുള്ളവരായി മാറും. ഞങ്ങളും അങ്ങയെപ്പോലെ ജ്ഞാനസാഗരമായി സർവ്വർക്കും ജ്ഞാനം നൽകും. ആരോടും ദ്വേഷ്യപ്പെടുകയില്ല. ശാന്തി നമ്മുടെ സ്വധർമ്മമാണ്, നാം സദാ ശാന്തമായിരിക്കും, അശരീരിയായി മാറുന്നതിനുള്ള അഭ്യാസം ചെയ്യും. അങ്ങിനെയങ്ങിനെ സ്വയത്തോട് സംസാരിച്ച് സ്വയത്തെ പർഫെക്റ്റാക്കി മാറ്റണം.

**ഗീതം:** മാതാ ഓ മാതാ, ജീവൻ ദാതാ . . . . . .

**ഓം ശാന്തി.** ശിവ ഭഗവാനുവാചാ. കേവലം ഭഗവാനുവാചാ എന്നു പറഞ്ഞാൽ മനുഷ്യർക്ക് ഒന്നും മനസ്സിലാക്കാൻ കഴിയുകയില്ല. പേര് തീർച്ചയായും പറയേണ്ടിയിരിക്കുന്നു. ഗീത കേൾപ്പിക്കുന്നവർ എന്തെങ്കിലും പറഞ്ഞാൽ പറയും കൃഷ്ണ ഭഗവാനുവാചാ. അത് കഴിഞ്ഞുപോയി. മനസ്സിലാക്കുന്നു ശ്രീകൃഷ്ണൻ വന്നിരുന്നു, ഗീത കേൾപ്പിച്ചിരുന്നു, രാജയോഗം പഠിപ്പിച്ചിരുന്നു. എന്താണോ കഴിഞ്ഞുപോയത് അത് ഇപ്പോൾ വീണ്ടും വർത്തമാനമാകേണ്ടതുണ്ട്. ഏതാണോ വർത്തമാനം അത് വീണ്ടും ഭൂതമായി മാറും. എന്താണോ കഴിഞ്ഞുപോയത് അതിനെ പറയും - കഴിഞ്ഞുപോയി. എങ്കിൽ ഇപ്പോൾ ശിവബാബ വന്നിരിക്കുകയാണ്, തീർച്ചയായും ഇതിനു മുമ്പെയും വന്ന് പോയിട്ടുണ്ടായിരിക്കണം. ശിവ ഭഗവാനുവാചാ, ആരാണോ ഉയർന്നതിലും ഉയർന്നത്, അദ്ദേഹം എല്ലാവരുടേയും പിതാവാണ്, അദ്ദേഹത്തെ സർവ്വശക്തിവാനെന്നു പറയുന്നു, അദ്ദേഹമാണിരുന്ന് പറഞ്ഞുതരുന്നത്. നിങ്ങൾ അദ്ദേഹത്തിന്റെ കുട്ടികൾ ശിവശക്തികളാണ്. ശിവശക്തികളുടെ മഹിമ പാട്ടിൽ കേട്ടുവല്ലോ. ശിവശക്തി, ജഗദംബ വന്നു, പോയി - ഇത് അതിന്റെ ഓർമ്മചിഹ്നമാണ്. വന്ന് പോയിട്ടുണ്ടെങ്കിൽ തീർച്ചയായും ഇനിയും വരും. ഏതുപോലെ സത്യയുഗം കഴിഞ്ഞുപോയി, ഇപ്പോൾ കലിയുഗമാണ്, വീണ്ടും സത്യയുഗം വരിക തന്നെ ചെയ്യും. ഇപ്പോൾ പഴയ ലോകത്തിന്റേയും പുതിയ ലോകത്തിന്റേയും സംഗമമാണ്. തീർച്ചയായും പുതിയ ലോകം കഴിഞ്ഞുപോയിട്ടുണ്ട്, ഇപ്പോൾ പഴയ ലോകമാണ്. കഴിഞ്ഞുപോയ സത്യയുഗം ഭാവിയിൽ വീണ്ടും വരിക തന്നെ വേണം. ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. ജ്ഞാനം തന്നെയാണ് വിവേകം. അത് ഭക്തിയാണ്, ഇത് ജ്ഞാനമാണ്. സൃഷ്ടി ചക്രമെങ്ങിനെ കറങ്ങുന്നു, അത് മനസ്സിലാക്കേണ്ടതുണ്ട്. അതു മനസ്സിലാക്കിയില്ലെങ്കിൽ മനുഷ്യർക്ക് ഒന്നും മനസ്സിലാക്കാൻ കഴിയുകയില്ല. ഡ്രാമയുടെ ആദി-മദ്ധ്യ-അന്ത്യത്തെ മനസ്സിലാക്കണം. ആ പരിധിയുള്ള ഡ്രാമയുടെ ആദി-മദ്ധ്യ-അന്ത്യത്തെ അറിയുന്നുണ്ട്. ഇത് പരിധിയില്ലാത്ത ഡ്രാമയാണ്, ഇതിനെ മനുഷ്യർക്ക് മനസ്സിലാക്കാൻ കഴിയുകയില്ല. ബാബ, ആരാണോ പരിധിയില്ലാത്ത അധികാരി, അദ്ദേഹം വന്നു തന്നെയാണ് പറഞ്ഞുതരുന്നത്. ശിവ ഭഗവാനുവാചയാണ്, കൃഷ്ണ ഭഗവാനുവാചയല്ല. കൃഷ്ണനേയും ശ്രീ എന്നു പറയുന്നു, എന്തുകൊണ്ടെന്നാൽ അദ്ദേഹത്തെ ശ്രേഷ്ഠമാക്കി മാറ്റുന്നവൻ ബാബയാണ്. പാവം ഭാരതവാസികൾക്കറിയില്ല കൃഷ്ണൻ തന്നെയാണ് നാരായണനായി മാറുന്നതെന്ന്. നമ്മളിപ്പോൾ പറയുന്നു, പാവങ്ങൾ വിവേക ശൂന്യരാണെന്ന്. എല്ലാവരും ദരിദ്രരും, ദുഃഖിതരും, പതിതരുമാണ്. നമ്മളും അങ്ങിനെയായിരുന്നു, ഇപ്പോൾ പാവനമായി മാറിക്കൊണ്ടിരിക്കുകയാണ്. പതിത-പാവനനായ ബാബയെ നമുക്ക് ലഭിച്ചിട്ടുണ്ട്. കൃഷ്ണനെ പതിത-പാവനനെന്ന് പറയുകയില്ല. പാവനമായ പുതിയ ലോകമുണ്ടാക്കുന്നവൻ രചയിതാവായ ബാബ തന്നെയാണ് അദ്ദേഹത്തെ പരമപിതാ പരമാത്മാ സർവ്വശക്തിവാനെന്ന് പറയപ്പെടുന്നു. അദ്ദേഹം തന്നെയാണ് പതിത ലോകത്തെ പാവനമാക്കുന്നവൻ. മുഴുവൻ സൃഷ്ടിയും പതിതമാണ്, രാവണനാണ് പതിത മാക്കി മാറ്റുന്നത്. പതിത-പാവനൻ ഒരേയൊരു ഈശ്വരനാണ്. മനുഷ്യർക്ക് പതിതത്തിൽ നിന്ന് പാവനമാക്കി മാറ്റാൻ കഴിയുകയില്ല, ഒരു പരിതസ്ഥിതിയിലും. ഇത് മുഴുവൻ ലോകത്തിന്റെയും പ്രശ്നമാണ്. ഒന്നു രണ്ടു കോടി സന്യാസിമാർ പാവനമായിരിക്കാം, ബാക്കി ഇത്രയും പതിതരുണ്ടല്ലോ, അതുകൊണ്ട് തീർച്ചയായും ഇതിനെ പതിത ലോകമെന്നു തന്നെയല്ലേ പറയുക. വാസ്തവത്തിൽ ശിവ ഭഗവാനുവാചാ, പതിത ലോകത്തിൽ പാവനമായ ആരും തന്നെയുണ്ടാകുകയില്ല. ബാബ പറയുന്നു, നിങ്ങൾ കുട്ടികളെ പാവനമാക്കുന്നതിനുവേണ്ടി മുഴുവൻ സൃഷ്ടിയേയും പാവനമാക്കി മാറ്റുന്നു. പതിത പാവനന്റെ അർത്ഥം തന്നെ മുഴുവൻ ലോക

ത്തേയും പാവനമാക്കുന്നവൻ എന്നാണ്. ശിവബാബ സ്വയം പറയുന്നു ഞാൻ പതിതത്തിൽ നിന്ന് പാവനമാക്കിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് തന്നെയാണ് പാവനമായ ലോകത്തിന്റെ അധികാരികളാകേണ്ടത്. പുതിയ ലോകത്തിൽ ആദി-സനാതന ദേവി-ദേവതാ ധർമ്മമാണ്. ഇതും ആർക്കും അറിയില്ല. ശിവബാബയേയും ആരും അറിയുന്നില്ല. ചോദിക്കൂ, നിങ്ങൾ ഈ നിരാകാര പരമപിതാ പരമാത്മാവിന്റെ ജയന്തി ആഘോഷിക്കുന്നുണ്ടല്ലോ, അദ്ദേഹം എപ്പോഴാണ് വന്നത്? നിരാകാരനെങ്ങിനെ വന്നു? നിരാകാരൻ തീർച്ചയായും ശരീരത്തിൽ തന്നയായിരിക്കും വരിക, അപ്പോൾ മാത്രമല്ലേ കർമ്മം ചെയ്യാൻ കഴിയൂ. ശരീരമില്ലാതെ ആത്മാവിന് കർമ്മം ചെയ്യാൻ കഴിയുമോ. പരമാത്മാവ് വന്ന് തീർച്ചയായും ഉയർന്നതാക്കി മാറ്റുന്നതിന്റെ കർമ്മം തന്നെയായിരിക്കും ചെയ്യുക. മുഴുവൻ വിശ്വത്തേയും പാവനമാക്കുക, ഇത് ഒരാളുടെ കൈയ്യിലാണ്. മനുഷ്യരാണെങ്കിൽ ദുഃഖിതർ തന്നെ ദുഃഖിതരാണ്. ഭക്തർ ഭഗവാനെ വിളിക്കുന്നു, എങ്കിൽ തീർച്ചയായും ഭഗവാൻ ഒന്നായിരിക്കണമല്ലോ. ഭക്തർ അനേകമുണ്ട്. ശിവ ഭഗവാനുവാചാ, ഞാൻ ശിവ ഭഗവാൻ നിങ്ങൾ കുട്ടികളെ രാജയോഗവും സൃഷ്ടി ചക്രത്തിന്റെ ജ്ഞാനവും മനസ്സിലാക്കിത്തരുന്നു, അതായത് നിങ്ങൾ കുട്ടികൾക്കിപ്പോൾ സൃഷ്ടി ചക്രത്തിന്റെ ജ്ഞാനമുണ്ട്. അച്ഛനാകുന്ന എനിക്ക് സൃഷ്ടി ചക്രത്തിന്റെ ജ്ഞാനമുണ്ട്, ഞാൻ നിങ്ങളെ പഠിപ്പിക്കാൻ വന്നിരിക്കുകയാണ്. സൃഷ്ടി ചക്രം തീർച്ചയായും കറങ്ങുക തന്നെ ചെയ്യും. പതിതത്തിൽ നിന്ന് പാവനമായി മാറണം. ആരെങ്കിലും നിമിത്തമായി മാറുമല്ലോ. 5 വികാരങ്ങളാകുന്ന ജയിലിൽ നിന്ന് മുക്തമാക്കാനാണ് ഞാൻ വരുന്നത്. ഞാൻ ശിവനാണ്, ഇപ്പോൾ ഈ ശരീരത്തിലിരിക്കുകയാണ്. നിങ്ങൾ പറയും ഞാൻ ആത്മാവ് ഈ ശരീരത്തിലിരിക്കുകയാണ്. എന്റെ ശരീരത്തിന്റെ പേര് ഇന്നതാണ്. ശിവബാബ പറയുന്നു നിരാകാരിയായ എനിക്ക് ശരീരമേയില്ല. എന്റെ പേര് ശിവനെന്നു തന്നെയാണ്. ഞാൻ പരമപിതാ പരമാത്മാവ് നക്ഷത്ര സമാനമാണ്. എനിക്ക് ശിവനെന്ന ഒരു പേര് മാത്രമേയുള്ളൂ. നിങ്ങൾ സാലിഗ്രാമങ്ങളാണ്, എന്നാൽ നിങ്ങളുടെ പേര് 84 ജന്മങ്ങളിൽ മാറിക്കൊണ്ടേയിരിക്കുന്നു. എനിക്ക് ഒരേയൊരു പേരേയുള്ളൂ. ഞാൻ പുനർജന്മമെടുക്കുന്നില്ല. ഗീതയിൽ ആരുടെ പേരാണോ ഇട്ടിരിക്കുന്നത്, അദ്ദേഹം മുഴുവൻ 84 ജന്മങ്ങളുമെടുക്കുന്നു. എന്നാൽ കൃഷ്ണൻ ഗീത കേൾപ്പിച്ചു, ഇങ്ങിനെയല്ല. ഇത് വളരെ മനസ്സിലാക്കേണ്ട കാര്യമാണ്. മനുഷ്യരുടെ കൈയ്യിൽ ഒന്നും തന്നെയില്ല, എന്താണോ നടക്കുന്നത് അത് പരമാത്മാവാണ് നടത്തുന്നത്. മനുഷ്യർക്ക് സുഖ-ശാന്തി നൽകുക - ഇത് ബാബയുടെ ജോലിയാണ്. എപ്പോഴും മഹിമ ഒരേയൊരു ബാബയുടെ മാത്രമാണ് ചെയ്യേണ്ടത്. ലക്ഷ്മീ-നാരായണനും യാതൊരു മഹിമയുമില്ല. എന്നാൽ രാജ്യം ഭരിച്ച് പോയിട്ടുണ്ട്, അതുകൊണ്ട് കരുതുകയാണ് ഇദ്ദേഹം സ്വർഗ്ഗത്തിന്റെ അധികാരിയായിരുന്നു. അത്ഭുതം നോക്കൂ, അത് ജഡ ചിത്രം, ഇവിടെ ചൈതന്യത്തിൽ ഇരിക്കുന്നു. ശിവഭഗവാനുവാചാ, നിങ്ങൾ രാജാക്കന്മാരുടേയും രാജാവ് പൂജ്യരായി മാറും. പൂജ്യ ലക്ഷ്മീ-നാരായണൻ തന്നെയാണ് പിന്നീട് പൂജാരിയായി മാറുന്നത്. അതുകൊണ്ട് ആരാണോ വന്ന് പോയത്, അവരുടെ ക്ഷേത്രമുണ്ടാക്കി പൂജ ചെയ്യുന്നു. ഇത് സിദ്ധീകരിച്ച് പറഞ്ഞുകൊടുക്കണം, അല്ലാതെ ഇങ്ങിനെയല്ല ഈശ്വരൻ തന്നെ പൂജ്യനും പൂജാരിയുമായി മാറുകയാണ്. അല്ല. മനുഷ്യർക്ക് ഇത് അറിയുകയില്ല ഞാൻ പരമാത്മാവ് എവിടെയാണ് വസിക്കുന്നതെന്ന്. എന്റെ കുട്ടികളായ സാലിഗ്രാമങ്ങൾക്കും അറിയുകയില്ല അവരെവിടത്തെ നിവാസികളാണെന്ന്. ആത്മാക്കളുടേയും പരമാത്മാവിന്റേയും വീട് ഒരേയൊരു സ്വീറ്റ് ഹോമാണ്. കേവലം സ്വീറ്റ് ഫാദർ ഹോം എന്ന് പറയുകയില്ല. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു നിർവാണധാമം നമ്മുടേയും വീടാണ്. അവിടെ നമ്മുടെ അച്ഛനുണ്ട്. കേവലം വീടിനെ ഓർക്കുകയാണെങ്കിൽ ബ്രഹ്മവുമായി യോഗമായി, അതുകൊണ്ട് വികർമ്മ വിനാശം നടക്കുകയില്ല. ശരിയാണ് ബ്രഹ്മയോഗി തത്വയോഗിയാണ്, പക്ഷെ അവരുടെ വികർമ്മ വിനാശം നടക്കുക സാദ്ധ്യമല്ല. ഭാവനയോടുകൂടെ ചെയ്യുമ്പോൾ അല്പകാല സുഖം ലഭിക്കുന്നു. എത്രയും ഓർമ്മിക്കുന്നുവോ അത്രയും സുഖം ലഭിക്കും. അതുകൊണ്ട് ബാബ പറയുകയാണ് അവരുടെ യോഗം തെറ്റായ യോഗമാണ്. നിങ്ങൾക്ക് ഒരു ബാബയെയാണ് ഓർമ്മിക്കേണ്ടത്. ബാബ പറയുന്നു നിങ്ങൾ എന്നെ ഓർമ്മിക്കുന്നതിലൂടെ നിങ്ങളുടെ വികർമ്മങ്ങൾ വിനാശമാകും. കൃഷ്ണന് ഇങ്ങിനെ പറയാൻ കഴിയുകയില്ല, അദ്ദേഹം വൈകുണ്ഠത്തിന്റെ അധികാരിയാണ്. അദ്ദേഹം പറയുമോ അശരീരിയായി മാറി ശിവബബാബയെ ഓർമ്മിക്കൂ അല്ലെങ്കിൽ എന്നെ ഓർമ്മിക്കൂ. മുഴുവൻ ആധാരവും ഗീതയെ തിരുത്തിയതിനാലാണ്. ഗീത ഖണ്ഡിച്ചതുകാരണം ഭഗവാന്റെ പേരേ പോയി. മനുഷ്യർ പറയുന്നു ഈശ്വരന് പേരോ രൂപമോയില്ല. എന്നാൽ പേരും, രൂപവും കാലവുമെല്ലാം ആത്മാവിനുമുണ്ട്. ആത്മാവിന്റെ പേര് ആത്മാവെന്നാണ്, അദ്ദേഹവും പരമപിതാ പരമാത്മാവാണ്. പരം അർത്ഥം സുപ്രീം, ഉയർന്നതിലും ഉയർന്നത്. അദ്ദേഹം ജനന-മരണ രഹിതനാണ്, അവതാരമെടുക്കുകയാണ്. ഡ്രാമയിൽ ആരുടേയാണോ പാർട്ട്, ആ ദേഹത്തിൽ തന്നെ പ്രവേശിക്കുന്നു, പിന്നീട് അദ്ദേഹത്തിന്റെ പേര് ബ്രഹ്മാവെന്ന് വെക്കുന്നു. ബ്രഹ്മാവെന്ന പേര് ഒരിക്കലും മാറുകയില്ല. ബ്രഹ്മാവിലൂടെ തന്നെയാണ് സ്ഥാപന ചെയ്യുന്നത്. അതുകൊണ്ട് അദ്ദേഹം കൃഷ്ണന്റെ ശരീരത്തിൽ വരികയേയില്ല. ഇനി വേറെ ആരുടെയെങ്കിലും ശരീരത്തിൽ വന്നാലും അവരുടെ പേര് ബ്രഹ്മാവെന്ന് വെക്കേണ്ടിവരും. മനുഷ്യർ പറയുകയാണ് എന്തു

കൊണ്ട് വേറെ ആരിലും വരുന്നില്ല? ഞാൻ വരുന്നതുതന്നെ ജ്ഞാനം നൽകാനാണ്. ഞാൻ ഇനി ആരുടെ ശരീരത്തിൽ വരണം? ഓരോ ദിവസം ചെല്ലും തോറും മനുഷ്യർ മനസ്സിലാക്കും. നിങ്ങളുടെ വൃദ്ധിയുണ്ടായിക്കൊണ്ടിരിക്കും. വളരെ നല്ല സ്ഥിതിയുണ്ടായിരിക്കണം. ഡ്രാമയിലെ അഭിനേതാക്കൾക്കറിയാം, നാം വീട്ടിൽ നിന്ന് സ്റ്റേജിൽ പാർട്ട് അഭിനയിക്കാൻ വന്നിരിക്കുകയാണെന്ന്. അതുപോലെ നാം ആത്മാക്കൾ ശരീരമാകുന്ന വസ്ത്രമെടുത്ത് പാർട്ട് അഭിനയിക്കുകയാണ്, പിന്നിട് തിരിച്ചുപോകണം, ശരീരം ഉപേക്ഷിക്കേണ്ടി വരുന്നു. നിങ്ങൾക്ക് സന്തോഷമുണ്ടാകുകയാണ് വേണ്ടത്, പേടിക്കേണ്ട ആവശ്യമില്ല. നിങ്ങൾ വലിയ സമ്പാദ്യം ചെയ്തുകൊണ്ടിരിക്കുകയാണ്. ശരീരം വിടുന്നവർക്കും അറിയാൻ കഴിയും അവരെത്ര സമ്പാദ്യം ചെയ്തുവെന്ന്. നിങ്ങൾക്കും അറിയാം ആരെല്ലാം ശരീരം വിട്ട് പോയിട്ടുണ്ടോ അവരിൽ ആരുടെ പദവി ഉയർന്നതെന്ന് പറയാൻ കഴിയും, ഇന്ന ആൾ വളരെ സേവനം ചെയ്തിരുന്നു, പോയി വേറെ ശരീരമെടുത്തു. അഡ്വാൻസായി പോയി. അദ്ദേഹത്തിന്റെ പാർട്ട് അത്രമാത്രമായിരുന്നു. വീണ്ടും കുറച്ച് ജ്ഞാനമെടുക്കുന്നതിന് വന്നേക്കാം. അധികാരിയായി മാറിയല്ലോ. ആരുടെ കൂടെയാണ് കണക്കുകളുള്ളത് അവ തീർക്കേണ്ടി വരും, അവ അവസാനിപ്പിക്കാൻ പോകും. ആത്മാവിൽ ജ്ഞാനത്തിന്റെ സംസ്കാരമുണ്ടല്ലോ. സംസ്കാരം ആത്മാവിൽ തന്നെയാണിരിക്കുന്നത്. അത് ഒരിക്കലും നഷ്ടമാകുകയില്ല. ഏതെങ്കിലും നല്ല സ്ഥലത്ത് സേവനം ചെയ്യുന്നുണ്ടായിരിക്കാം. ജ്ഞാനത്തിന്റെ സംസ്കാരമെടുത്തു പോയിട്ടുണ്ടെങ്കിൽ എന്തെങ്കിലുമൊക്കെ സേവനം ചെയ്യും. എന്നാൽ ഇങ്ങിനെയുമല്ല, എല്ലാവരും പോയിക്കൊണ്ടിരിക്കും. ശരിയാണ്, യോഗത്തിലിരിക്കുന്നതിലൂടെ ആയുസ്സ് വർദ്ധിക്കും. വളരെ നല്ല സ്വഭാവവും വേണം. പറയുന്നു – ബാബ അങ്ങ് എത്ര മധുരവാനാണ്, ഞാനും അങ്ങയെപ്പോലെയായി മാറും. ഞാനും ജ്ഞാന സാഗരനായി മാറും. ബാബ പറയുന്നു – സ്വയം ചെക്ക് ചെയ്യൂ, ഞാൻ ജ്ഞാന സാഗരനായി മാറിയോ? മാതാപിതാക്കളെപ്പോലെ മറ്റുള്ളവർക്ക് ജ്ഞാനം നൽകുന്നുണ്ടോ? ഞാൻ ആരോടും ദ്വേഷ്യപ്പെട്ടില്ലല്ലോ? ശാന്തി ധാരണ ചെയ്തിട്ടുണ്ടോ? ശാന്തി നമ്മുടെ സ്വധർമ്മമാണല്ലോ. സ്വയത്തെ അശരീരി ആത്മാവാണെന്ന് മനസ്സിലാക്കണം, ചെക്കു ചെയ്യണം സ്വയത്തിൽ ഏതെങ്കിലും വികാരങ്ങളൊന്നുമില്ലല്ലോ? ഏതെങ്കിലും വികാരങ്ങളുണ്ടെങ്കിൽ തോറ്റുപോകും. ഇങ്ങിനെയിങ്ങിനെ സ്വയത്തോട് സംസാരിക്കണം. ഇതാണ് വിചാരസാഗര മഥനം ചെയ്ത് സ്വയത്തെ പർഫെക്ക്ടാക്കി മാറ്റുകയെന്നത്, ശ്രീമതത്തിലൂടെ. ബാക്കിയുള്ളവരെല്ലാം ആസുരീയമതപ്രകാരം അൺ–പർഫെക്ടായി(അപൂർണ്ണം)ക്കൊണ്ടിരിക്കുകയാണ്. നമ്മളും എത്ര അൺ–പർഫെക്ടായിരിന്നു. യാതൊരു ഗുണങ്ങളുമുണ്ടായിരുന്നില്ല. പാടാറുമുണ്ടല്ലോ, നിർഗ്ഗുണനായ എന്നിൽ യാതൊരു ഗുണങ്ങളുമില്ല. എത്ര ശരിയാണ്. മഹിമ മുഴുവൻ ഒരു പരമപിതാ പരമാത്മാവിന്റെ തന്നെയാണ്. ഗുരു നാനാക്കും ഭഗവാന്റെ മഹിമ പാടിയിരുന്നു. അതുകൊണ്ട് മനുഷ്യർക്കും പറഞ്ഞു മനസ്സിലാക്കിക്കൊടുക്കണം. ഇതും കുട്ടികൾക്കറിയാം കല്പം മുന്നെ ആരുടെ തൈയ്യാണോ നട്ടിരുന്നത് അവർ മാത്രമേ വരികയുള്ളൂ ധാരണയും ചെയ്യുകയുള്ളൂ. അല്ലെങ്കിൽ യാതൊരു വെളിവുമില്ലാത്തവരെപ്പോലെ വന്നു, പോയി. ഇവിടെയാണെങ്കിൽ നിങ്ങൾ കുട്ടികൾക്കറിയാം നമുക്ക് ജ്ഞാനസാഗരനായ അച്ഛൻ ഏതൊരു ജ്ഞാനമാണോ നൽകുന്നത്, ആ ജ്ഞാനം വേറെ ആരിലും ഇല്ല. നമ്മൾ ഗുപ്ത വേഷത്തിലാണ്. പിന്നീട് നമ്മൾ ഭാവിയിൽ സ്വർഗ്ഗത്തിന്റെ അധികാരികളായി മാറും. എല്ലാവരും കർമ്മം ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. എന്നാൽ മനുഷ്യരുടെ എല്ലാ കർമ്മങ്ങളും വികർമ്മങ്ങളാണ് കാരണം രാവണന്റെ മത പ്രകാരമാണ് ചെയ്യുന്നത്. നാം ശ്രീമതപ്രകാരം കർമ്മം ചെയ്യുന്നു, ശ്രീമതം നൽകുന്നവൻ ബാബയാണ്. ബാബ പറയുന്നു – നിങ്ങൾ *സാൽവേഷൻ ആർമി(രക്ഷാസേന)യാണ്. സാൽവേഷൻ ആർമി* എന്ന് അവരെയാണ് പറയുന്നത് ആരാണോ മുങ്ങിയ ബോട്ടിനെ കരക്കടുപ്പിക്കുന്നത്. ദുഃഖിതരെ സുഖിയാക്കി മാറ്റുന്നത്. ഇപ്പോൾ നിങ്ങൾ സർവ്വരുടേയും തോണിയെ കര കയറ്റിക്കൊണ്ടിരിക്കുകയാണ്. ബലിഹാരം ചെയ്തത് ശിവബാബയല്ലേ. നാം വിഡ്ഢികളായിരുന്നു. ബാബയുടെ മതം ലഭിച്ചപ്പോൾ, നാം മറ്റുള്ളവർക്കും പറഞ്ഞുകൊടുക്കുന്നു. രാവണൻ എന്ന് പറയുന്ന ഒരു വസ്തുവൊന്നുമില്ല. മായ വികാരങ്ങളിലേയ്ക്ക് വലിച്ചിഴക്കുന്നു. ഇവിടെ ബാബ മതം നൽകുന്നു, എതുപോലെ സ്കൂളിൽ ടീച്ചർ പഠിപ്പിക്കുന്നു, അതുപോലെ. രാവണൻ എന്നു പറയുന്നത് തലതിരിഞ്ഞ കാര്യങ്ങൾ പഠിപ്പിക്കുന്ന ഒരു വസ്തുവൊന്നുമല്ല. ബാബയാണെങ്കിൽ ജ്ഞാന സാഗരനാണ്. രാവണനെ സാഗരമെന്നോ നോളേജ്ഫുൾ എന്നോ പറയുകയില്ല. നിങ്ങളിപ്പോൾ ശ്രീമതപ്രകാരം നടന്നുകൊണ്ടിരിക്കുകയാണ്. നിങ്ങൾ ബ്രാഹ്മണനായി യജ്ഞ സേവനം ചെയ്തുകൊണ്ടിരിക്കുകയാണ്. അവർ യജ്ഞം രചിക്കുമ്പോൾ പുരാണങ്ങളും വെക്കുന്നുവല്ലോ. രുദ്ര യജ്ഞം രചിക്കുന്നു, എന്നാൽ രുദ്രനെവിടെയാണ്. ഇവിടെ രുദ്രനായ ശിവബാബ പ്രാക്ടിക്കലായി ഇവിടെയുണ്ട്. ഇപ്പോൾ രുദ്ര ജ്ഞാന യജ്ഞം രചിച്ചിരിക്കുകയാണ്. ഏതാണോ ഭൂതമായിരുന്നത് ഇപ്പോൾ വർത്തമാനമായിരിക്കുകയാണ്. മനുഷ്യരാണെങ്കിൽ കഴിഞ്ഞുപോയതിത്തന്നെയാണ് ഓർമ്മിച്ചുകൊണ്ടിരിക്കുന്നത്, നിങ്ങൾ ഇപ്പോൾ പ്രാക്ടിക്കലായി സമ്പത്തെടുത്തുകൊണ്ടിരിക്കുകയാണ്. ഭൂതം തന്നെയാണ് ഇപ്പോൾ വർത്തമാനമായിരിക്കുന്നത്, പിന്നീട് വീണ്ടും ഭൂതമായി മാറും. അങ്ങിനെ നടന്നുകൊ

ണ്ടേയിരിക്കുന്നു. കലിയുഗവും ഭൂതമായി പിന്നീട് സത്യയുഗം വരണം. ഇപ്പോൾ സംഗമയുഗം വർത്തമാനമാണ്. കഴിഞ്ഞുപോയതിന്റെ ഓർമ്മ ചിഹ്നങ്ങൾ ഉണ്ട്, ജഡ ഓർമ്മ ചിഹ്നങ്ങൾ ഇപ്പോൾ വർത്തമാനത്തിൽ ചൈതന്യത്തിലുണ്ട്. ആരാണോ ഉയർന്ന പദവി പ്രാപ്തമാക്കുന്നത് അവരുടെ ഓർമ്മ ചിഹ്നമാണ് മാല. രുദ്രമാലയുണ്ടല്ലോ. ഇതെല്ലാം ജഡചിത്രമാണ്. തീർച്ചയായും എന്തെങ്കിലും ചെയ്തു പോയിട്ടുണ്ട് അതുകൊണ്ടാണല്ലോ രുദ്രമാലയെന്നു പറയുന്നത്. നിങ്ങൾ ചൈതന്യത്തിൽ ശിവബാബയുടെ മാലയായിക്കൊണ്ടിരിക്കുകയാണ്. എത്രയും യോഗത്തിലിരിക്കുന്നുവോ അത്രയും അടുത്തുപോയി രുദ്രന്റെ കഴുത്തിലെ മാലയായിമാറും. ഇപ്പോൾ നാം സംഗമത്തിലാണ്. ഇങ്ങിനെയിങ്ങിനെ സ്വയത്തോട് സംസാരിച്ചുകൊണ്ടിരിക്കണം. നിങ്ങൾക്കാണെങ്കിൽ ജ്ഞാനമുണ്ട്. നിങ്ങളുടെ ഉള്ളിൽ ഇത് നടന്നുകൊണ്ടേയിരിക്കുകയാണ്, നിങ്ങൾ വാസ്തവത്തിൽ ശിവബാബയുടെ കുട്ടികളാണ്. നാം വിശ്വത്തിന്റെ അധികാരികളായി മാറും, പിന്നീട് ചക്രത്തിൽ വരും. ഇതിനെയാണ് സ്വദർശനചക്രമെന്നു പറയുന്നത്. ചിലർ ചോദിക്കുകയാണ് നിങ്ങളെന്തിനാണ് മറ്റുള്ളവരെ നിന്ദിക്കുന്നത്. അവരോട് പറയൂ - ഭഗവാനുവാചാ, എഴുതപ്പെട്ടിട്ടുണ്ട്, വേറെ ഞങ്ങൾ ആരുടേയും നിന്ദ ചെയ്യുന്നില്ല. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം -**

1. ശ്രീമതപ്രകാരം ഓരോ കർമ്മവും ശ്രേഷ്ഠമായിരിക്കണം. സർവ്വരുടേയും മുങ്ങിയ തോണിയെ ശ്രീമതപ്രകാരം കര കയറ്റികൊടുക്കണം. ദുഃഖിതരെ സുഖിയാക്കിമാറ്റണം.

2. ഉള്ളിൽ സ്വദർശന ചക്രം കറക്കി രുദ്രമാലയിൽ സമീപ മുത്തായി മാറണം. ജ്ഞാന മഥനം ചെയ്യണം, സ്വയത്തോട് തീർച്ചയായും സംസാരിക്കണം.

**വരദാനം:- ബ്രാഹ്മണജീവിതത്തിൽ സദാ ആനന്ദത്തിന്റെയും മനോരഞ്ജനത്തിന്റെയും അനുഭവം ചെയ്യുന്ന സൗഭാഗ്യശാലികളായി ഭവിക്കട്ടെ.**

ഭാഗ്യശാലികളായ കുട്ടികൾ സദാ സന്തോഷത്തിന്റെ ഊഞ്ഞാലിൽ ആടിക്കൊണ്ട് ബ്രാഹ്മണ ജീവിതത്തിൽ ആനന്ദത്തിന്റെയും മനോരഞ്ജനത്തിന്റെയും അനുഭവം ചെയ്യുന്നു. ഈ സന്തോഷത്തിന്റെ ഊഞ്ഞാൽ സദാ ഏകരസമായിരിക്കുക അപ്പോഴാണ് എപ്പോഴാണോ ഓർമ്മ, സേവനം ഈ രണ്ട് കയറുകളും ടൈറ്റായിരിക്കുന്നത്. ഒരു കയറെങ്കിലും ലൂസാണെങ്കിൽ ഊഞ്ഞാൽ പുളയും, ആടുന്നയാൾ വീഴുകയും ചെയ്യും. അതിനാൽ രണ്ട് കയറുകളും ശക്തിശാലിയാണെങ്കിൽ മനോരഞ്ജനത്തിന്റെ അനുഭവം ചെയ്തുകൊണ്ടിരിക്കും. സർവ്വശക്തിവാന്റെ കൂട്ടും സന്തോഷത്തിന്റെ ഊഞ്ഞാലുമുണ്ടെങ്കിൽ ഇതുപോലെ ഒരു സൗഭാഗ്യം മറ്റെന്തുണ്ട്.

**സ്ലോഗൻ:- എല്ലാവരെപ്രതിയും ദയാഭാവവും കൃപാദൃഷ്ടിയും വെക്കുന്നവർ തന്നെയാണ് മഹാനാത്മാക്കൾ.**